# സ്ട്രീം എക്കോ സിസ്റ്റം

## ബ്ലോക്ക് തല പ്രൊജക്റ്റ് അവതരണം

ജി. യു. പി. എസ്. പുതിയങ്കം സ്കൂളിൽ 2024-25 അധ്യയന വർഷം ആലത്തൂർ ബി. ആർ. സി തല സ്ട്രീം ഹബ് പദ്ധതിയുടെ ഭാഗമായി സ്കൂൾ  സോഷ്യൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ നടത്തിയ ക്ലീൻ ഡ്രൈവ് - ബ്ലോക്ക് തല പ്രൊജക്റ്റ് അവതരണം ഉദ്ഘാടനം 08/04/2025 ചൊവ്വാഴ്ച 10 മണിക്ക് തരൂർ  MLA ശ്രീ. പി. വി. സുമോദ് നിർവഹിച്ചു.ബി. പി. സി. ശ്രീമതി ബീന ടീച്ചർ സ്വാഗതം പറഞ്ഞു. ആലത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എ. ഷൈനി അധ്യക്ഷസ്ഥാനം നിർവഹിച്ചു.പാലക്കാട് എസ്. എസ്. കെ യിൽ നിന്നും ഡി. പി. ഒ.ശ്രീ.ഷാജി.പി. എസ് പദ്ധതി അവതരണം നടത്തി. വിദ്യാർത്ഥികളായ ജിതിൻ കൃഷ്ണ. ജെ, ജിതിൻ. ജി, അനഘ. എസ്, നന്ദിത. ആർ, കൃത്യ. എസ്, അസ്‌ലി. എം, സന ഫാത്തിമ. എസ് എന്നിവർ പ്രൊജക്റ്റ് അവതരിപ്പിച്ചു. ജി. യു. പി. എസ്. പുതിയങ്കം സ്കൂളിലെ ഹെഡ് മാസ്റ്റർ ശ്രീ. വി. ജെ. ജോൺസൺ  മോഡറേറ്റർ സ്ഥാനം നിർവഹിച്ചു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.










